**പതിമൂന്നാം കേരള നിയമസഭ**

# മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതി
# (2014-2016)

## നാലാമത് റിപ്പോർട്ട്

വയോജനങ്ങൾക്കുള്ള ക്ഷേമ പദ്ധതികൾ-എറണാകുളം ജില്ല

(2014 ജൂലൈ 2-ാം തീയതി സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2014

പതിമൂന്നാം കേരള നിയമസഭ

# മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതി
# (2014-2016)

നാലാമത് റിപ്പോർട്ട്

**വയോജനങ്ങൾക്കുള്ള ക്ഷേമ പദ്ധതികൾ-എറണാകുളം ജില്ല**

(2014 ജൂലൈ 2-ാം തീയതി സമർപ്പിച്ചത്)

932/2014.

## ഉള്ളടക്കം


| | | *പേജ്* |
| --- | --- | --- |
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |

## സമിതിയുടെ ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. റ്റി. യു. കുരുവിള, എം.എൽ.എ.

<u>അംഗങ്ങൾ</u> :

ശ്രീ. എ. എ. അസീസ്, എം.എൽ.എ.

ശ്രീ. ബി. ഡി. ദേവസ്സി, എം.എൽ.എ.

ശ്രീ. വർക്കല കഹാർ, എം.എൽ.എ.

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ), എം.എൽ.എ.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി, എം.എൽ.എ.

ശ്രീ. എസ്. രാജേന്ദ്രൻ, എം.എൽ.എ.

ശ്രീ. കെ. രാജു, എം.എൽ.എ.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീമതി ജെ. മേരി ഗ്രേസി, ജോയിന്റ് സെക്രട്ടറി

ശ്രീമതി എസ്. ബിന്ദു, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. സി. ശശികുമാർ, അണ്ടർ സെക്രട്ടറി.

# ആമുഖം

മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ജീവിത സായാഹ്നത്തിൽ ഒറ്റപ്പെട്ടുപോകുന്ന വയോജനങ്ങളുടെ സംരക്ഷണത്തിനായി സംസ്ഥാനത്ത് സർക്കാർ തലത്തിൽ, വിവിധ വകുപ്പുകൾവഴി നടപടി സ്വീകരിച്ചു വരുന്നുണ്ട്. വയോജന ക്ഷേമത്തിനായി നടപ്പാക്കി വരുന്ന പദ്ധതികളുടെ കാര്യക്ഷമതയും അവ മുതിർന്ന പൗരൻമാർക്ക് എത്രത്തോളം പ്രയോജനപ്പെടുന്നു എന്ന വസ്തുതയും പരിഗണിക്കുന്നതിന്റെ ഭാഗമായി മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതി 2013 നവംബർ 27-ാം തീയതി എറണാകുളം ജില്ലാ കളക്ടറേറ്റിൽ യോഗം ചേരുകയും ജില്ലയിൽ മുതിർന്ന പൗരൻമാരുടെ ക്ഷേമം മുൻനിർത്തി ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന വിവിധ പദ്ധതികൾ സംബന്ധിച്ച് ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു. തുടർന്ന് സമിതി സാമൂഹ്യനീതി വകുപ്പിൻകീഴിൽ പ്രവർത്തിക്കുന്ന സർക്കാർ വൃദ്ധസദനം സന്ദർശിച്ചു. പ്രസ്തുത ചർച്ചയുടെയും സന്ദർശനത്തിന്റെയും അടിസ്ഥാനത്തിൽ, സമിതിയുടെ നിഗമനങ്ങളും ശുപാർശകളും ഉൾക്കൊള്ളിച്ച് തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2014 ജൂൺ 4-ാം തീയതി ചേർന്ന സമിതിയുടെ യോഗത്തിൽ ഈ റിപ്പോർട്ട് അംഗീകരിച്ചു.

**റ്റി. യു. കുരുവിള,**
*അദ്ധ്യക്ഷൻ,*
*മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2014 ജൂലൈ 2.

# റിപ്പോർട്ട്

വളരെ ഉയർന്ന നിലയിലുള്ള പൊതുജനാരോഗ്യ പ്രവർത്തനങ്ങളുടെയും സാമൂഹ്യ ക്ഷേമ പദ്ധതികളുടെയും ഫലമായി കേരളീയരുടെ ആയുർദൈർഘ്യം വർദ്ധിക്കുകയും സംസ്ഥാനത്തെ മുതിർന്ന പൗരൻമാരുടെ എണ്ണത്തിൽ ദ്രുതഗതിയിൽ വർദ്ധനവ് ഉണ്ടാവുകയും ചെയ്യുന്നു. അറുപത് വയസ്സിനുമേൽ പ്രായമുള്ളവരുടെ എണ്ണം, 1991-ലെ ആകെ ജനസംഖ്യയുടെ 8.82 ശതമാനത്തിൽ നിന്നും 2001-ൽ 9.79 ശതമാനമായും 2011-ൽ 12.83 ശതമാനമായും ഉയർന്നു. 2026-ൽ സംസ്ഥാനത്തെ മുതിർന്ന പൗരൻമാരുടെ എണ്ണം ആകെ ജനസംഖ്യയുടെ 20 ശതമാനമായിരിക്കുമെന്ന് കണക്കാക്കിയിട്ടുണ്ട്. അതുകൊണ്ട് തന്നെ ഇവരുടെ സംരക്ഷണവും ഇവർക്കായുള്ള ക്ഷേമപ്രവർത്തനങ്ങളും സമൂഹത്തിന്റെ ഉത്തരവാദിത്വമായി മാറിയിരിക്കുന്നു. വളരെയധികം പ്രാധാന്യമർഹിക്കുന്ന ഈ വിഷയം സർക്കാർ അത്യന്തം ഗൗരവമായി പരിഗണിക്കുകയും വയോജന ക്ഷേമത്തിനും സംരക്ഷണ ത്തിനുമായി ഒട്ടേറെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുകയും ചെയ്യുന്നു. കൂടാതെ ചില സർക്കാരിതര സംഘടനകളും വ്യക്തികളും ഇത്തരം പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്.

2. മുതിർന്ന പൗരൻമാരുടെ ക്ഷേമത്തിനായി സർക്കാരും സർക്കാരിതര സംഘടനകളും നടത്തുന്ന പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനും ആവശ്യമായ നിർദ്ദേശങ്ങളും ശുപാർശകളും നൽകുന്നതിനുമായി സമിതിയുടെ യോഗങ്ങൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ചേരാറുണ്ട്. അത്തരം സന്ദർശനങ്ങളുടെ ഭാഗമായി 2013 നവംബർ 27-ാം തീയതി സമിതി എറണാകുളം ജില്ല സന്ദർശിക്കുകയും കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ യോഗം ചേരുകയും മുതിർന്ന പൗരൻമാരുടെ ക്ഷേമത്തിനായി ജില്ലയിൽ നടപ്പാക്കി വരുന്ന വിവിധ പദ്ധതികൾ സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും നിർദ്ദേശങ്ങളും ശുപാർശകളും നൽകുകയും ചെയ്തു.

3. സാമൂഹ്യനീതി വകുപ്പിന് കീഴിൽ തേവരയിൽ 15-8-1997 മുതൽ ഒരു സർക്കാർ വൃദ്ധസദനവും ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ മുപ്പത്തിമൂന്ന് വൃദ്ധസദനങ്ങളും എറണാകുളം ജില്ലയിൽ പ്രവർത്തിക്കുന്നുവെന്നും ഇവയുടെ പ്രവർത്തന ത്തിനാവശ്യമായ തുക ലഭിക്കുന്നുണ്ടെന്നും വൃദ്ധജനങ്ങൾക്കായി മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾ ഈ സ്ഥാപനങ്ങൾ ലഭ്യമാക്കുന്നതായും ഭക്ഷണം, ചികിത്സ, വിശ്രമം എന്നിങ്ങനെയുള്ള അടിസ്ഥാന ആവശ്യങ്ങൾ ഉറപ്പാക്കിയിട്ടുള്ളതായും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. സർക്കാർ വൃദ്ധസദനം പൂർണ്ണതോതിൽ പ്രവർത്തനമാരംഭി ച്ചിട്ടില്ലെന്നും ഇതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലാണെന്നും സമിതി കണ്ടെത്തി. ഇത്തരം കാലവിളംബം നിരാശ്രയരായ വൃദ്ധജനങ്ങൾക്ക് ലഭിക്കേണ്ട

സാമൂഹ്യസുരക്ഷ നിഷേധിക്കുന്നതിന് തുല്യമാണെന്ന് അഭിപ്രായപ്പെട്ട സമിതി കെട്ടിട നിർമ്മാണം അതിവേഗം പൂർത്തിയാക്കി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി പരമാവധി മുതിർന്നവരെ അധിവസിപ്പിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

4. സംസ്ഥാന സർക്കാർ 2012-13 വർഷത്തിൽ നാലുലക്ഷം രൂപ ഈ വൃദ്ധസദനത്തിനായി അനുവദിച്ചെങ്കിലും 2013-14 വർഷത്തിൽ രണ്ടര ലക്ഷം രൂപ മാത്രമാണ് അനുവദിച്ചതെന്ന് സമിതി മനസ്സിലാക്കുന്നു. നിരാലംബരായ ഒരു ജനവിഭാഗത്തിന് മുൻവർഷത്തെ അപേക്ഷിച്ച് കുറഞ്ഞ ഫണ്ട് അനുവദിക്കുന്നത് ഒരു ജനകീയ സർക്കാരിന് യോജിച്ച നടപടിയല്ലെന്ന് സമിതി കരുതുന്നു. മാത്രമല്ല, മാറിക്കൊണ്ടിരിക്കുന്ന സാമൂഹിക സാമ്പത്തിക സാഹചര്യങ്ങളുടെ ഫലമായി മുതിർന്ന പൗരൻമാരുടെ എണ്ണം അതിവേഗം വർദ്ധിക്കുന്നതിനാൽ ഒരു ജില്ലയിൽ സർക്കാർ മേഖലയിൽ ഒരു വൃദ്ധസദനം മാത്രം അപര്യാപ്തമാണ്. ആയതിനാൽ ഓരോ ജില്ലയിലും ഗ്രാമപ്രദേശങ്ങളിൽ ഉൾപ്പെടെ ഒന്നിലധികം സ്ഥലങ്ങളിൽ സർക്കാർ വൃദ്ധസദനങ്ങൾ സ്ഥാപിക്കണമെന്നും ഇവയുടെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ തുക അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

5. ജില്ലയിൽ സർക്കാർ വൃദ്ധസദനത്തിനു പുറമെ സ്വകാര്യവ്യക്തികളും സന്നദ്ധ സംഘടനകളും നടത്തുന്ന മുപ്പത്തിമൂന്ന് വൃദ്ധസദനങ്ങൾ കൂടി പ്രവർത്തിക്കുന്നതായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. ഇവയ്ക്ക് ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും അംഗീകാരം ലഭിക്കുകയോ രജിസ്ട്രേഷൻ നേടുകയോ ചെയ്യാതെ ചില ഏജൻസികൾ സ്ഥാപനങ്ങൾ നടത്തിവരുന്നതായി സമിതി മനസ്സിലാക്കുന്നു. ഇത്തരം സ്ഥാപനങ്ങളിലെ അന്തേവാസികളുടെ സുരക്ഷയും ക്ഷേമവും പരിഗണിക്കപ്പെടേണ്ട വിഷയങ്ങളാണ്. ആയതിനാൽ ഇത്തരത്തിലുള്ള സന്നദ്ധ സംഘടനകൾ നടത്തുന്ന വൃദ്ധസദനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും ഇവയുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും കാലാകാലങ്ങളിൽ ആവശ്യമായ നിർദ്ദേശങ്ങളും സഹായങ്ങളും നൽകുന്നതിനുമുള്ള സംവിധാനം ഉണ്ടാകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. സ്വകാര്യ വ്യക്തികളും സംഘടനകളും നടത്തുന്ന വൃദ്ധസദനങ്ങളിൽ അന്തേവാസികളുടെ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററുകൾ സൂക്ഷിക്കുന്നത് നിർബന്ധമാക്കണമെന്നും പ്രസ്തുത രജിസ്റ്ററുകൾ കാലാകാലങ്ങളിൽ പരിശോധിക്കുന്നതിന് സർക്കാർ തലത്തിൽ നടപടി ഉണ്ടാകണമെന്നും സമിതി നിർദ്ദേശിക്കുന്നു. ചില സ്ഥാപനങ്ങൾ വിദേശത്തു നിന്നും സ്വദേശത്ത് നിന്നും വൻതോതിൽ സംഭാവന സ്വീകരിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ഇത്തരം വരുമാനം സംബന്ധിച്ചും ഇതിൽനിന്ന് അന്തേവാസികളുടെ

ക്ഷേമത്തിനായി വിനിയോഗിക്കുന്ന തുക സംബന്ധിച്ചുമുള്ള പരിശോധന നടത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

6. മുതിർന്ന പൗരൻമാർക്ക് ലഭിക്കുന്ന വിവിധതരം പെൻഷനുകൾ, സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്ക് വളരെ ആശ്വാസകരമാണ്. എറണാകുളം ജില്ലയിൽ ദേശീയ വയോജന പെൻഷൻ ഇനത്തിൽ 2012-13-ൽ 39869 പേർക്കായി 11,54,57,000 രൂപയും 2013-14 നവംബർവരെ 6,25,18,000 രൂപയും ചെലവഴിച്ചതായി ജില്ലാ സാമൂഹ്യ ക്ഷേമ ഓഫീസർ സമിതിയെ അറിയിച്ചു. എന്നാൽ അറിവില്ലായ്മമൂലവും സഹായത്തിന് ആളില്ലാതെ വരുന്നതിനാലും അവശതമൂലം യാത്രചെയ്യാൻ സാധിക്കാത്തതിനാലും മറ്റ് കാരണങ്ങളാലും യോഗ്യതയുള്ള എല്ലാ പേർക്കും വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്നില്ലായെന്ന് സമിതി മുമ്പാകെ പലരും പരാതിപ്പെടുകയുണ്ടായി. ആയതിനാൽ 60 വയസ്സിനു മുകളിൽ പ്രായവും അർഹതയുമുള്ള ജില്ലയിലെ എല്ലാ വയോജനങ്ങൾക്കും വാർദ്ധക്യകാല പെൻഷൻ നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നും ഇതിനായി ആശാവർക്കർമാർ ഗ്രാമസേവകർ തുടങ്ങിയവരുടെ സേവനം വിനിയോഗിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. ഏതെങ്കിലും കാരണവശാൽ ആരുടെയെങ്കിലും പെൻഷൻ അപേക്ഷ നിരസിക്കുകയാണെങ്കിൽ നിരസിച്ചതിനുള്ള കാരണം അപേക്ഷകനെ അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

7. മെയിന്റനൻസ് ആന്റ് വെൽഫെയർ ഓഫ് പേരന്റ്സ് ആന്റ് സീനിയർ സിറ്റിസൺസ് ആക്ട് (2007) പ്രകാരം, ജില്ലയിൽ രണ്ട് മെയിന്റനൻസ് ട്രിബ്യൂണലുകളും ജില്ലാ ആസ്ഥാനങ്ങളിൽ അപ്പലേറ്റ് ട്രിബ്യൂണലുകളും പ്രവർത്തിച്ചു വരുന്നതായി സമിതി മനസ്സിലാക്കുന്നു. എന്നാൽ ഇത്തരം ട്രിബ്യൂണലുകളെക്കുറിച്ച് വളരെക്കുറച്ച് പൗരൻമാർക്കേ അറിവുള്ളൂ. അതിനാൽ ഇവയെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും വ്യാപകമായ പരസ്യം നൽകി സമൂഹത്തിന്റെ താഴെതട്ടിൽവരെ എത്തിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

8. മറ്റ് നീതിന്യായ സംവിധാനങ്ങളിൽ നിന്നും വ്യത്യസ്തമായി മെയിന്റനൻസ് ട്രിബ്യൂണലുകളിൽ നീതി തേടി എത്തുന്നത് വയോജനങ്ങളായതിനാൽ പരാതിക്ക് എത്രയും പെട്ടെന്ന് പരിഹാരമുണ്ടാകേണ്ടതും നീതിന്യായ സംവിധാനത്തിന്റെ സംരക്ഷണം ഇവർക്ക് ലഭിക്കേണ്ടതുമാണ്. വൈകി ലഭിക്കുന്ന നീതി, നീതി നിഷേധത്തിനു തുല്യമാണെന്ന വസ്തുത കണക്കിലെടുത്ത് മെയിന്റനൻസ് കേസ്സുകൾക്ക് പ്രത്യേക പരിഗണന നൽകണമെന്നും പരാതികളിന്മേൽ വളരെവേഗം തീർപ്പ് കൽപ്പിക്കുന്നതിനുള്ള നടപടികൾ ഉദ്യോഗസ്ഥ തലത്തിൽ സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ ആവശ്യമായ

ഘട്ടങ്ങളിൽ പരാതിക്കാർക്ക് നിയമ സഹായം നൽകുന്നതിനുള്ള സംവിധാനം ഉണ്ടാകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

9. ചില സ്ഥലങ്ങളിലെങ്കിലും ട്രിബ്യൂണലുകൾ പ്രവർത്തിക്കുന്നത് ബഹുനില കെട്ടിടങ്ങളുടെ മുകൾ നിലയിലാണെന്ന് സമിതി മനസ്സിലാക്കുന്നു. ചില മുതിർന്ന പൗരൻമാർക്ക് മുകൾ നിലകളിൽ പ്രവർത്തിക്കുന്ന ട്രിബ്യൂണലുകളിൽ എത്തിച്ചേരാൻ ശാരീരിക ബുദ്ധിമുട്ടുകൾ കാരണം സാധിക്കില്ല. ആയതിനാൽ ജില്ലയിലെ മെയിന്റനൻസ് ട്രിബ്യൂണലുകൾ അവ സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെ താഴത്തെ നിലകളിലേക്ക് മാറ്റി സ്ഥാപിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. മാത്രമല്ല, ഇവിടെ എത്തുന്ന മുതിർന്ന പൗരൻമാർക്ക് ഇരിക്കുവാനുള്ള സൗകര്യം ഒരുക്കണമെന്നും ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

10. മുതിർന്ന പൗരൻമാരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി എൺപത്തിനാല് ഗ്രാമപഞ്ചായത്തുകളിലായി 2012-13 വർഷം 1,88,58,666 രൂപ വകയിരുത്തുകയും അതിൽ 1,21,74,062 രൂപ ചെലവഴിച്ചതായും ഇതേ കാര്യത്തിനായി 2013-14 വർഷത്തിൽ 2,08,62,227 രൂപ വകയിരുത്തുകയും 57,51,118 രൂപ നവംബർ 2014 വരെയുള്ള കാലയളവിൽ ചെലവഴിച്ചതായും ഇതിന്റെ പ്രയോജനം 2012-13-ൽ 25284 പേർക്കും 2013-14-ൽ 23239 പേർക്കും ലഭിച്ചതായും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. പഞ്ചായത്തുകളിൽ പദ്ധതി വിഹിതമായി കിട്ടുന്ന തുകയിൽ അഞ്ചു ശതമാനം നിലവിൽ ശിശുക്കൾ, വൃദ്ധർ, വികലാംഗർ എന്നിവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കേണ്ടതാണ്. എന്നാൽ ഓരോ വിഭാഗത്തിനും എത്ര ശതമാനം വീതമെന്ന് നിഷ്കർഷിക്കാത്തതിനാൽ ചില വർഷങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വയോജനങ്ങളുടെ ക്ഷേമത്തിനായി നടപടികൾ സ്വീകരിക്കാത്ത സന്ദർഭങ്ങളുമുണ്ട്. ആയതിനാൽ കുറഞ്ഞത് 1½ ശതമാനമെങ്കിലും ഓരോ വർഷവും വയോജനങ്ങൾക്കായി പദ്ധതി വിഹിതത്തിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചെലവഴിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

11. പകൽവീടുകൾ എന്ന സംവിധാനം വയോജനങ്ങൾക്ക് ആഹ്ലാദകരവും ആരോഗ്യകരവുമായ അന്തരീക്ഷത്തിൽ ദിനങ്ങൾ ചെലവഴിക്കുവാൻ വളരെ പ്രയോജനകരമാണെന്ന് സമിതി കരുതുന്നു. മുതിർന്ന പൗരന്മാർക്ക് പകൽസമയങ്ങളിൽ ഒരുമിച്ച് കൂടി വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും വിനോദങ്ങളിൽ ഏർപ്പെടുന്നതിനും ഇവിടെ സൗകര്യം ലഭിക്കുന്നു. ഇത്തരം പകൽവീടുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികളെക്കുറിച്ച് സമിതി ആരാഞ്ഞു. ജില്ലയിലെ വാഴക്കുളം ബ്ലോക്ക്, വടവുകോട് ബ്ലോക്ക്, എടവനകാട്

പഞ്ചായത്ത് എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പകൽവീടുകൾ നിർമ്മിച്ചിട്ടുണ്ടെങ്കിലും അവ പ്രവർത്തനം ആരംഭിച്ചിട്ടില്ലെന്നും നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം പദ്ധതി തുക ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കാൻ തടസ്സമുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. നിർമ്മാണം പൂർത്തിയായ പകൽവീടുകൾ അടിയന്തിരമായി തുറന്ന് പ്രവർത്തിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ജില്ലയിലെ എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പ്രദേശങ്ങളിലും പകൽവീടുകൾ സ്ഥാപിക്കണമെന്നും ഇവ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. പകൽവീടുകളുടെ പ്രവർത്തനത്തിന് തുക ലഭ്യമാക്കുന്നതിന് വ്യവസ്ഥകളിൽ ആവശ്യമായ ഭേദഗതികൾ വരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

12. മുതിർന്ന പൗരൻമാർ ഏറ്റവും കൂടുതൽ കഷ്ടത അനുഭവിക്കുന്നത് വിവിധതരം രോഗബാധകളാലാണ്. പൊതുജനാരോഗ്യനയം രൂപപ്പെടുത്തുമ്പോൾ ഈ വിഭാഗം ആളുകളുടെ ആരോഗ്യപരിപാലനത്തിന് പ്രത്യേക ഊന്നൽ നൽകേണ്ടതാണ്. ഇത് അലോപ്പതി ചികിത്സയിൽ മാത്രം ഒതുക്കാവുന്നതുമല്ല. യഥാർത്ഥത്തിൽ മുതിർന്ന പൗരൻമാർ കൂടുതൽ ആഗ്രഹിക്കുന്നത് ആയുർവേദ ചികിത്സ ലഭിക്കണമെന്നാണ്. എന്നാൽ മുതിർന്ന പൗരൻമാർക്ക് പ്രത്യേക പരിഗണനയോടെ ചികിത്സയും മരുന്നുകളും ലഭിക്കുന്നതിനോ അവരുടെ ആരോഗ്യപ്രശ്നങ്ങൾ ആയുർവേദ ചികിത്സയിലൂടെ പരിഹരിക്കുന്നതിനോ ജില്ലയിലെ സംവിധാനം വളരെ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. നിലവിലുള്ള ആയുർവേദ ആശുപത്രികളിൽ മുതിർന്ന പൗരൻമാർക്ക് ചികിത്സയിൽ പ്രത്യേക പരിഗണന ആവശ്യമാണ് എന്ന് സമിതി കരുതുന്നു. ആയുർവേദ മേഖല വൃദ്ധരുടെ ആരോഗ്യ പരിപാലനത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തണമെന്നും ചികിത്സയും ഔഷധവും ആവശ്യാനുസരണം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കണമെന്നും ശുപാർശ ചെയ്യുന്നു. ജില്ലയിലെ ഗ്രാമപ്രദേശങ്ങളിൽ നിലവിലുള്ള സർക്കാർ ആയുർവേദ ആശുപത്രികളിൽ മുതിർന്ന പൗരൻമാരെ കിടത്തി ചികിത്സിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

13. മുതിർന്ന പൗരൻമാരുടെ ചികിത്സയ്ക്കും സംരക്ഷണത്തിനുമായി ഏതാനും താലൂക്ക്/ജില്ലാ ആശുപത്രികളിൽ ജെറിയാട്രിക് വാർഡുകൾ സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. മുതിർന്നവരുടെ എണ്ണം വളരെവേഗം വർദ്ധിക്കുന്ന

സാഹചര്യത്തിൽ നിലവിലുള്ള ജെറിയാട്രിക് വാർഡുകൾ പര്യാപ്തമല്ല. മാത്രമല്ല വിദൂര പ്രദേശങ്ങളിൽ അധിവസിക്കുന്നവർക്ക് ഇത്തരം സ്ഥാപനങ്ങളിൽ എത്തിച്ചേരുന്നതിനും ചികിത്സ തേടുന്നതിനും പ്രായോഗിക ബുദ്ധിമുട്ട് ഉണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ എല്ലാ താലൂക്ക് /ജില്ലാ ആശുപത്രികളിലും മെച്ചപ്പെട്ട സൗകര്യങ്ങളോടുകൂടിയ ജെറിയാട്രിക് വാർഡുകൾ അടിയന്തിരമായി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

14. ബന്ധുജനങ്ങളാൽ ഉപേക്ഷിക്കപ്പെട്ട ധാരാളം മുതിർന്ന പൗരൻമാർ ശയ്യാവലംബികളായി മാറാറുണ്ട്. ഇത്തരത്തിലുള്ളവർക്ക് സഹായികൾ ആരും ഇല്ലാതിരിക്കുകയും ശുശ്രൂഷയ്ക്കായി ആശുപത്രികളിൽ സ്വയം എത്തിപ്പെടാൻ സാധിക്കാതെ വരികയും ചെയ്യാറുണ്ട്. ഇത്തരക്കാരുടെ മേൽപ്പറഞ്ഞ പ്രശ്നം ശാശ്വതമായി പരിഹരിക്കുന്നതിനായി, പൊതുജനാരോഗ്യസംരക്ഷണ മേഖലയിൽ നടപ്പിലാക്കിയിട്ടുള്ള 108 ആംബുലൻസ് സർവ്വീസ് മാതൃകയിൽ, ശയ്യാവലംബരായ മുതിർന്ന പൗരൻമാരെ ശുശ്രൂഷാ കേന്ദ്രങ്ങളിൽ എത്തിക്കുന്നതിനായി, താലൂക്കടിസ്ഥാനത്തിൽ ലഭ്യമാകത്തക്ക വിധത്തിൽ ജില്ലയിൽ ആംബുലൻസ് സേവനം ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

15. ജില്ലയിലെ മുതിർന്ന പൗരൻമാരുടെ സംരക്ഷണത്തിനായി 10 പോലീസ് സ്റ്റേഷനുകളിൽ സീനിയർ സിറ്റിസൺസ് ഹെൽപ്പ് ഡെസ്ക് പ്രവർത്തിക്കുന്നതായും വീടുകളിൽ ഒറ്റയ്ക്ക് താമസിക്കുന്ന വൃദ്ധജനങ്ങളുടെ ക്ഷേമം അന്വേഷിക്കുന്നതിനും ഉറപ്പാക്കുന്നതിനും നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുള്ളതായും സമിതി മനസ്സിലാക്കുന്നു. എന്നാൽ നിലവിലുള്ള സംവിധാനങ്ങൾ അപര്യാപ്തമാണെന്ന് സമിതി കരുതുന്നു. ആയതിനാൽ സീനിയർ സിറ്റിസൺസ് ഹെൽപ്പ് ഡെസ്ക്കുകൾ കൂടുതൽ വ്യാപകമാക്കണമെന്നും മുതിർന്ന പൗരൻമാരുടെ ക്ഷേമവും സുരക്ഷയും ഉറപ്പാക്കുന്നതിന് ആർ.ഡി.ഒ.മാരുടെ നിയന്ത്രണത്തിൽ താലൂക്ക് അടിസ്ഥാനത്തിൽ നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

16. പരാതിയുമായി വിവിധ പോലീസ് സ്റ്റേഷനുകളിലെത്തുന്ന മുതിർന്ന പൗരൻമാരെ പോലീസ് ഉദ്യോഗസ്ഥർ അവഗണിക്കുന്നതും പലപ്പോഴും അപമാനിച്ച് ഇറക്കിവിടുന്നതും നിത്യസംഭവമായി മാറിയിരിക്കുകയാണ്. എതിർകക്ഷികൾ പോലീസിൽ സ്വാധീനം ചെലുത്തുന്നതുമൂലം ഈ ജനവിഭാഗത്തിന് സാമാന്യനീതിപോലും

നിഷേധിക്കപ്പെടുന്ന സന്ദർഭങ്ങളും ഉണ്ടാകാറുണ്ട്. ഇത്തരം നടപടികൾ ഒഴിവാക്കണമെന്നും മുതിർന്ന പൗരൻമാർക്ക് പ്രത്യേക പരിഗണന നൽകി അവർ നൽകുന്ന പരാതികളിന്മേൽ അന്വേഷണം നടത്തണമെന്നും നീതി ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ടവർ നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

 റ്റി. യു. കുരുവിള,

*അദ്ധ്യക്ഷൻ,*

*മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2014 ജൂലൈ 2.